കലഹങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി പരമാവധി പ്രയത്നിക്കുക എന്നതു കൂടിയാണു്. കലാപരങ്ങളായ പ്രവർത്തനങ്ങൾ ഒരിക്കലും മതസംഘർഷത്തിനു കാരണമായിക്കൂടാ. മതസംഘർഷം ഒഴിവാക്കുന്നതിനും, മതസൗഹാർദം പുഷ്ടിപ്പെടുത്തുന്നതിനുമായി, സ്വന്തം ആശയാവിഷ്കാര സ്വാതന്ത്ര്യത്തിനുമേൽ ആവശ്യമായ നിയന്ത്രണങ്ങൾ സ്വമേധയാ ചുമത്തുന്നതിൽ ഇന്നത്തെ ഇന്ത്യയിലെ കലാകാരനു് സന്തോഷമേ ഉണ്ടായിക്കൂടൂ.

'ആറാം തിരുമുറിവി'ന്റെ അഭിനയം നിരോധിക്കണമോ, വേണ്ടയോ എന്ന പ്രശ്നം ബഹുജനസമ്മതിയുള്ള ഏതാനും സാംസ്കാരിക പ്രവത്തകർ അടങ്ങിയ ഒരു കമ്മററിക്കു വിട്ടുകൊടുക്കണമെന്ന ഒരു വാദം ഇതിനിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ടു്. ഈ വാദത്തിൽ കഴമ്പുണ്ടെന്നു തോന്നുന്നില്ല. നാടകത്തിന്റെ കലാപരമായ നിറവിനെയോ, കുറവിനെയോ സംബന്ധിച്ച തർക്കമല്ലല്ലോ നിലവിലുള്ളതു്. നാടകം പ്രദർശിപ്പിച്ചാൽ അതു് ഏതെങ്കിലും മതവിഭാഗക്കാരെ സമാധാനലംഘനത്തിനു പ്രേരിപ്പിക്കുമോ എന്നതാണു് ഇവിടെ പര്യാലോചിക്കേണ്ട പ്രശ്നം. ഈ പ്രശ്നത്തിനു സമാധാനം കാണേണ്ടതു് കലാകാരന്മാരല്ല; സമാധാനപാലനത്തിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരാകുന്നു.

'ക്രിസ്തുവിന്റെ ആറാം തിരുമുറിവി'ന്റെ രംഗാവതരണത്തിന്മേലുള്ള നിരോധം നീക്കിക്കിട്ടുന്നതിനുള്ള പ്രക്ഷോഭണം രാഷ്ട്രീയ പക്ഷപാതങ്ങൾക്കു് അതീതമായും, നിയമാനുസൃതമാർഗങ്ങളിലൂടെയും, മുന്നോട്ടുപോകുമെന്നു് നമുക്കു് ആശിക്കുക. നിരോധം നീക്കിക്കഴിഞ്ഞതിനുശേഷവും ഏതെങ്കിലുമൊരു ജനവിഭാഗത്തിനു ശക്തിയായ എതിർപ്പുള്ള പ്രദേശങ്ങളിൽ കുറേ കാലത്തേക്കെങ്കിലും നാടകം പ്രദർശിപ്പിക്കാതിരിക്കുകയാവും വിവേകം. കത്തുന്ന തീയിൽ എന്തിനു നാം അറിഞ്ഞുകൊണ്ടു് പെട്രോൾ ഒഴിക്കണം?

(9 ഏപ്രിൽ, 1987)

# 57. ചില സാഹിത്യപ്രശ്നങ്ങൾ

ക്രമ—സമാധാനത്തകർച്ചയ്ക്കു കാരണമായേക്കുമെന്നതിനാൽ, ശ്രീ പി. എം. ആന്റണി എഴുതിയ 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തിന്റെ അഭിനയം 1987 മാർച്ച് 17—ാം തീയതി എറണാകുളം ജില്ലാ കളക്ടർ നിരോധിക്കുകയുണ്ടായി. നിരോധിക്കപ്പെടുന്നതിനു മുമ്പു തന്നെ, ക്രൈസ്തവരുടെ മതവികാരങ്ങളെ വ്രണപ്പെടുത്തുന്നതാണെന്ന ആരോപണം ഈ നാടകത്തിനെതിരെ ഉന്നയിക്കപ്പെട്ടിരുന്നു.

ഭരണഘടന വാഗ്ദാനംചെയ്യുന്ന ആശയാവിഷ്കരണ സ്വാതന്ത്ര്യത്തിനു് എതിരാകയാൽ കളക്ടറുടെ നിരോധം റദ്ദാക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് കേരള ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കപ്പെട്ടു. ഹൈക്കോടതിയിലെ രണ്ടു് ജഡ്ജിമാർ അടങ്ങിയ ഒരു ഡിവിഷൻ ബെഞ്ച് ഇപ്പോൾ ഈ അപ്പീലിൽ വിധി നൽകിയിരിക്കുന്നു. ദൈവദൂഷണവും അവഹേളനവുംകൊണ്ടു് ക്രൈസ്തവ മതവിശ്വാസത്തെ കുത്തി നോവിക്കുന്ന ഒന്നാണു് ഈ നാടകമെന്നും, നാടകത്തിന്റെ അവതരണം ആ നിലയിൽ പ്രതിഷേധാർഹമാണെന്നും, നിയമപ്രകാരം അതിന്റെ പ്രദർശനം നിരോധിക്കാൻ കളക്ടർക്കു് അധികാരമുണ്ടെന്നുമാണു് കോടതിയുടെ വിധി.

വിധി നൽകുംമുമ്പ്, ഈ നാടകത്തിന്റെ കൈയെഴുത്തുപ്രതി വായിച്ചും രംഗാവതരണം കണ്ടും, അതിന്റെ അഭിനയം നിരോധിക്കുന്നതിനു മതിയായ നീതീകരണമുണ്ടോ എന്നു് കോടതിയെ അറിയിക്കുന്നതിനായി റിട്ടയേർഡ് ജഡ്ജി ശ്രീ ടി. ചന്ദ്രശേഖരമേനോൻ ചെയർമാനായി ഒരു പാനലിനെ ഹൈക്കോടതി നിയമിച്ചിരുന്നു. ദൈവദൂഷണം (പ്രൊഫേനിററി), അപവിത്രീകരണം (ബ്ളാസ്ഫീമി), ധർമലംഘനം (സാക്രിലേജ്) എന്നീ ദോഷങ്ങൾ ഈ നാടകാഭിനയത്തിൽ ആരോപിക്കാമോ എന്നായിരുന്നു കോടതിക്കു് അറിയേണ്ടിയിരുന്നതു്. ഈ പാനലിൽ ഞാൻ ഒരു അംഗമായിരുന്നു.

പാനലിനുവേണ്ടി 1987 ജൂൺ ആദ്യത്തെ വാരത്തിൽ ഈ നാടകം എറണാകുളത്തു് അഭിനയിക്കുകയുണ്ടായി. അഭിനയം കാണാൻ എനിക്കു സൗകര്യപ്പെട്ടില്ല. അതിനാൽ കൈയെഴുത്തുപ്രതിയെ മാത്രം ആധാരമാക്കി ഈ നാടകത്തെക്കുറിച്ചു് എനിക്കുള്ള അഭിപ്രായം പാനൽ ചെയർമാൻ ശ്രീ ചന്ദ്രശേഖരമേനോനു് ഞാൻ അയച്ചുകൊടുത്തു.

ഹൈക്കോടതി ഈ വിഷയത്തിൽ ഒരു തീർപ്പു കല്പിച്ചിട്ടുള്ളതിനാൽ, ഈ നാടകം സംബന്ധിച്ചു് എനിക്കുള്ള അഭിപ്രായം വ്യക്തമാക്കുന്നതിനായി, ശ്രീ ചന്ദ്രശേഖരമേനോൻ മുഖാന്തിരം ഹൈക്കോടതിക്കു് ഞാൻ സമർപ്പിച്ച റിപ്പോർട്ടു് പ്രസിദ്ധീകരിക്കുന്നതു് പ്രസക്തമായിരിക്കുമെന്നു തോന്നുന്നു. ആ റിപ്പോർട്ടു് താഴെ ഉദ്ധരിക്കുന്നു.

യേശുക്രിസ്തുവിനെപ്പററി മനസ്സിലാക്കുന്നതിനു് നമുക്കു കൈവന്നിട്ടുള്ള ഏററവും ആധികാരികങ്ങളായ രേഖകൾ 'പുതിയ നിയമ'ത്തിലെ സുവിശേഷങ്ങളാകുന്നു.

'എന്നാൽ, സുവിശേഷങ്ങൾ യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെയും അദ്ദേഹത്തിന്റെ ജീവിതത്തിൽ സംഭവിച്ചതായി സുവിശേഷങ്ങളിൽത്തന്നെ രേഖപ്പെടുത്തിയിട്ടുള്ള പല സംഭവങ്ങളെയും പര്യാപ്തമായി വ്യാഖ്യാനിക്കുന്നില്ല എന്നു വിശ്വസിക്കുന്നവർ കുറവല്ല. പുരാവസ്തുശാസ്ത്രം, മനശ്ശാസ്ത്രം മുതലായ വിജ്ഞാനശാഖകൾ നൽകുന്ന വെളിച്ചം ഉപയോഗിച്ചും, സ്വന്തം പ്രതിഭയ്ക്കനുസരിച്ചും യേശുക്രിസ്തുവിന്റെ ജീവിതം പുനരാഖ്യാനംചെയ്യാൻ പലരും ശ്രമിച്ചിട്ടുണ്ടു്. മനുഷ്യനായിത്തീന്ന ഈശ്വരനെന്ന നിലയിലല്ലാതെ, ഈശ്വരപദവിയിലേക്കുയർന്ന മനുഷ്യനായി യേശുവിനെ ചിത്രീകരിക്കാനാണു് ഇവർ, പ്രായേണ, ഉദ്യമിച്ചിട്ടുള്ളതു്. വീക്ഷണത്തിലുള്ള ഈ വ്യതിയാനം നിമിത്തം തങ്ങൾ ചെയ്ത യേശുചിത്രണത്തിൽ ഇവർ, സുവിശേഷങ്ങളിലെ ചില വസ്തുതകൾ ഒഴിവാക്കുകയോ, ചില വസ്തുതകൾക്കു് വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾ നൽകുകയോ, സുവിശേഷങ്ങളിലില്ലാത്ത പല വസ്തുതകളും കൂട്ടിച്ചേർക്കുകയോചെയ്തിരിക്കാം.

'ഇത്തരം യേശുചരിത്രങ്ങളെ മതഗ്രന്ഥങ്ങൾ എന്ന നിലയിൽ ആരും സമീപിക്കുമെന്നു തോന്നുന്നില്ല; സമീപിക്കുകയുമരുതു്. മതാചാര്യനെന്ന നിലയിൽ, ഈശ്വരനെന്ന നിലയിൽ, യേശുവിനെ സമീപിക്കുവാൻ നാം സുവിശേഷങ്ങളെത്തന്നെ ആശ്രയിക്കണം. സുവിശേഷങ്ങളിൽനിന്നു് വ്യതിചലിച്ചു രചിക്കപ്പെട്ട മുൻപറഞ്ഞതരം ഗ്രന്ഥങ്ങളെ സാഹിത്യകൃതികൾ എന്ന നിലയിൽ മാത്രമേ സമീപിക്കാവൂ. പഴയനിയമപുസ്തകത്തിലെ കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചു് തോമസ്മാൻ എഴുതിയിട്ടുള്ള ജോസഫ് നോവൽ ത്രിതയം, കസൻറ് സാക്കിസിന്റെ 'യേശുവിന്റെ അന്ത്യപ്രലോഭനം' മുതലായ സുപ്രസിദ്ധ ഗ്രന്ഥങ്ങളെ പരിഷ്കൃതജനത സമീപിക്കുന്നതു് ഇങ്ങനെയാണു്; നമ്മുടെ സമീപനവും അത്തരത്തിലാവണം.

'പ്രാപഞ്ചികം എന്നോ, ലൗകികം എന്നോ (പ്രൊഫെയ്ൻ) വിളിക്കാവുന്ന സാഹിത്യമാണിതു്. ഇതു് മതസാഹിത്യമല്ല. എന്നാലും, മതാചാര്യന്മാരോടു് അനാദരം തോന്നിക്കുന്ന വിധത്തിലോ, അവരുടെ പാവനതയെ നിഷേധിക്കുന്ന വിധത്തിലോ, അവരെ വഞ്ചകരും കള്ളനാട്യക്കാരുമായി അവതരിപ്പിക്കുന്ന വിധത്തിലോ ഉള്ള പ്രസ്താവങ്ങൾ ഗൗരവബുദ്ധിയുള്ള സാഹിത്യത്തിൽ ഉണ്ടായിക്കൂടാ; സാധാരണ നിലയിൽ ഉണ്ടാവുകയുമില്ല. അതേസമയം, ഈ സാഹിത്യവിഭാഗത്തിലെ പ്രസ്താവങ്ങൾ സുവിശേഷപ്രസ്താവനകളോടും അവയെ ആസ്പദമാക്കി മതാചാര്യന്മാരെയും മതഗ്രന്ഥങ്ങളിലെ കഥാപാത്രങ്ങളെയും സംബന്ധിച്ചു് പാരമ്പര്യമായി ജനങ്ങൾ രൂപവൽക്കരിച്ചു പുലർത്തി വരുന്ന ധാരണകളോടും പൂർണമായി ഒത്തുവരണമെന്നു ശഠിക്കുന്നതും യുക്തിസഹമല്ല.

'രാമായണം, മഹാഭാരതം എന്നീ ഇതിഹാസങ്ങളിലെയും ഭാഗവതം മുതലായ പുരാണങ്ങളിലെയും കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചു് ഭാരതീയഭാഷകളിൽ എത്രയോ കൃതികൾ രചിക്കപ്പെട്ടിട്ടുണ്ടു്. ഈ കഥാപാത്രങ്ങളിൽ പലതും ഈശ്വരാവതാരമെന്നു കരുതി ഹിന്ദുക്കൾ ആരാധിച്ചുവരുന്നവയാണു്. എങ്കിലും, ഈ കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചുള്ള പില്ക്കാല രചനകളിൽ കഥാഗതിയിലും കഥാപാത്രസങ്കല്പത്തിലും ഇതിഹാസ–പുരാണങ്ങളിൽനിന്നു ഗണ്യമായ വ്യതിയാനങ്ങൾ കാണാം. പ്രാചീന ഭാരതത്തിലെ ഏററവും പ്രശസ്തനായ സാഹിത്യനിരൂപകൻ എന്നു് അംഗീകരിക്കപ്പെട്ട ആനന്ദവർദ്ധനനും അദ്ദേഹത്തിന്റെ വ്യാഖ്യാതാവായ അഭിനവഗുപ്തനും ഇത്തരം വ്യതിയാനങ്ങളുടെ ഔചിത്യത്തെപ്പററി ചർച്ചചെയ്തിട്ടുണ്ടു്.

'കാവ്യം നിർമിക്കുന്ന കവി എല്ലാ വിധത്തിലും രസപരതന്ത്രനായിരിക്കണം. മൂലകഥയിൽ രസത്തിനു് അനുഗുണമല്ലാത്ത ഒരു ഘട്ടം ഉണ്ടെങ്കിൽ, ആ ഘട്ടം ഉപേക്ഷിച്ചു്, സ്വതന്ത്രമായി, കഥാനുഗുണമായ മററൊരു കഥ കൂട്ടിച്ചേർക്കണം. ഇതിഹാസകഥ ഇതിഹാസത്തിൽനിന്നുതന്നെ മനസ്സിലാക്കാമെന്നിരിക്കേ, ആ കഥ കവി വീണ്ടും ആവർത്തിച്ചിട്ടു് ഒരു പ്രയോജനവുമില്ല' എന്നു് ആനന്ദവർദ്ധനൻ പ്രസ്താവിക്കുന്നു. (ധ്വന്യാലോകം, പേജ് 336). ഇതിനെ അഭിനവഗുപ്തൻ ഇങ്ങനെ വിവരിക്കുന്നു:

'രാജകന്മാരെപ്പോലെ ഉയർന്നുനിന്നു്, 'ഇതു നീ ചെയ്യണം' എന്നു് ആജ്ഞാപിക്കുകയാണു് വേദങ്ങൾ, സ്മൃതികൾ മുതലായവ ചെയ്യുന്നതു്. 'ഈ കഥാപാത്രത്തിനു് ഈ വിധിവന്നതു് ഈ പ്രവൃത്തിചെയ്തതുമൂലമാണു്', എന്നു യുക്തമായി കർമഫലത്തെ പ്രകടിപ്പിക്കുന്നവയാണു്, സ്നേഹിതന്മാരെപ്പോലെയുള്ള ഇതിഹാസങ്ങൾ. ഇവ രണ്ടിൽനിന്നും വിജ്ഞാനം (വ്യുല്പത്തി) നേടാത്തവരും, എങ്കിലും, ജനങ്ങളുടെ കാര്യങ്ങൾ നോക്കേണ്ടവരാകയാൽ അവശ്യം വിജ്ഞാനം നേടേണ്ടവരുമായ രാജപുത്രന്മാരെപ്പോലെയുള്ളവരുടെ ഹൃദയത്തിൽ പ്രവേശിച്ചു്, ധർമ–അർത്ഥ–കാമമോക്ഷങ്ങളെപ്പററിയുള്ള വിജ്ഞാനം അവർക്കു് ഉണ്ടാക്കുകയാണു സാഹിത്യത്തിന്റെ പ്രയോജനം. അവരുടെ ഹൃദയത്തിലേക്കു പ്രവേശിക്കുക എന്നതിനർത്ഥം അവർക്കു രസാസ്വാദം ഉളവാക്കുക എന്നാകുന്നു. കഥാപാത്രങ്ങൾ, പശ്ചാത്തലം (വിഭാവങ്ങൾ), കഥാപാത്രങ്ങളുടെ പ്രവൃത്തനങ്ങൾ (അനുഭാവങ്ങൾ), അവരുടെ മനോഭാവങ്ങൾ (വ്യഭിചാരിഭാവങ്ങൾ) മുതലായവ വേണ്ടവിധത്തിൽ കൂട്ടിച്ചേർത്തു പ്രസ്താവിക്കുമ്പോഴാണു വായനക്കാർക്കു ധർമ–അർത്ഥ–കാമമോക്ഷാദികൾ സംബന്ധിച്ച വിജ്ഞാനവും, ഒപ്പം രസാസ്വാദവും ഉളവാകുന്നതു്. രസത്തിനു് ഉചിതങ്ങളായ കഥാപാത്രാദികളെ നിബന്ധിച്ചതു വായിക്കുമ്പോൾ ഉളവാ

കുന്ന രസാസ്വാദത്തിലെ ആത്മവിസ്മൃതിയാണു്, തനിയെ ഉണ്ടാകുന്ന വിജ്ഞാനത്തിനു കാരണം. സാഹിത്യരസാസ്വാദം (ആഹ്ലാദം, പ്രീതി) തന്നെയാണു വ്യുല്പത്തി ഉളവാക്കുന്നതു്. ഈ ആഹ്ലാദമാണു് രസം, അതു തന്നെയാണു നാട്യം; അതുതന്നെ വേദവും എന്നു് എന്റെ ഉപാദ്ധ്യായൻ പറയുന്നു. ഒരേ വിഷയത്തെ ആസ്പദിച്ചുള്ളവയാകയാൽ ഈ രസാസ്വാദവും വിജ്ഞാനവും ഭിന്നരൂപങ്ങളല്ല. കഥാപാത്രാദി സങ്കല്പനത്തിലെ ഔചിത്യമാണു സത്യത്തിൽ രസാസ്വാദനത്തിനു കാരണമെന്നു ഞങ്ങൾ പലകുറി പറഞ്ഞിട്ടുള്ളതാണു്....' (ധ്വന്യാലോകം, പേജ് 336, 337).

'വായനക്കാർക്കു വിശ്വാസ്യത നഷ്ടപ്പെടാതിരിക്കാൻ എഴുത്തുകാരൻ പുലർത്തേണ്ട ഔചിത്യത്തിനാണു് ഇവിടെ ഊന്നൽകൊടുത്തിരിക്കുന്നതു്.

'ഒരു മതഗ്രന്ഥമെന്ന നിലയിലല്ലാതെ, സാധാരണക്കാർക്കു രസാസ്വാദനത്തിനു് ഉതകുന്ന ഒരു സാഹിത്യകൃതിയെന്ന നിലയിൽ 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്'' എന്ന നാടകത്തെ സമീപിക്കാനാണു ഞാൻ ഇവിടെ ശ്രമിക്കുന്നതു്.

'പതിനഞ്ചു രംഗങ്ങളുള്ള ഈ നാടകത്തിൽ, യേശു, യൂദാസ്, ബറാബാസ്, മഗ്ദലനമറിയം എന്നിവർ ആണു മുഖ്യകഥാപാത്രങ്ങൾ. ഇവരുടെയെല്ലാം ചിത്രണത്തിൽ നാടകകൃത്തു സുവിശേഷങ്ങളിൽനിന്നു വളരെയധികം വ്യതിചലിച്ചിരിക്കുന്നു.

നാടകാരംഭത്തിൽ യേശു, യഹൂദരായ കലാപകാരികളെ തറച്ചുകൊല്ലുന്നതിനു് റോമാക്കാർക്കുവേണ്ടി കുരിശു നിർമിച്ചുകൊടുക്കുന്ന ഒരു ആശാരിയായി പ്രത്യക്ഷപ്പെടുന്നു. റോമാക്കാരുടെ ആധിപത്യത്തിൽനിന്നു തങ്ങളെ മോചിപ്പിക്കുന്ന ഒരു രക്ഷകനുവേണ്ടി യഹൂദർ കാത്തിരിക്കുകയാണു്. പഴയനിയമത്തിൽ പ്രവചിക്കപ്പെട്ട രക്ഷകന്റെ ആഗമനം അടുത്തുവെന്നു കരുതി, അവർ റോമാക്കാർക്കെതിരെ കലാപമുണ്ടാക്കുന്നു. ഈ യഹൂദകലാപകാരികൾക്കു നേതൃത്വം നൽകുന്ന ഒരാൾ, യേശുവിന്റെ അമ്മയുടെ സഹോദരനും നസ്രേത്തിലെ പുരോഹിതനുമായ സൈമൺ ആണു്. സീലട്ട് എന്ന മറ്റൊരു ലഹള നേതാവിനെ ബന്ധനസ്ഥനാക്കി കുരിശിൽ തറച്ചുകൊല്ലാൻ റോമക്കാർ തീർച്ചയാക്കിയിരിക്കുന്നു.

'സൈമൺപുരോഹിതന്റെ മകളാണു് മഗ്ദലനമേരി' എന്നു നാടകകൃത്തു സങ്കല്പിച്ചിരിക്കുന്നു. അവളും യേശുവും ബാല്യത്തിൽ കളിക്കൂട്ടുകാരായിരുന്നു. യേശുവിനോടു് അവൾക്കു പ്രണയവുമുണ്ടായിരുന്നു. എന്നാൽ, യേശു ലൗകികജീവിതം വെടിഞ്ഞു് ദൈവത്തിൽ അഭയം പ്രാപിക്കുകയും, അങ്ങനെ യഹൂദരുടെ രക്ഷകനായിത്തീരുകയും വേണമെന്നായിരുന്നു യേശുവിന്റെ മാതാപിതാക്കളും അമ്മാമനും ആഗ്രഹിച്ചതു്. സാധാരണമനുഷ്യനെപ്പോലെ ഗൃഹസ്ഥജീവിതം നയിക്കാനായിരുന്നു യേശുവിന്റെ താല്പര്യം. തന്റെ സ്വാഭാവികതാല്പര്യങ്ങളും, മാതാപിതാക്കൾക്കും അമ്മാമനും തന്നെക്കുറിച്ചുള്ള പ്രതീക്ഷകളും തമ്മിലുള്ള വൈരുദ്ധ്യം യേശുവിന്റെ മനസ്സിൽ വലിയ സംഘർഷം സൃഷ്ടിച്ചു; തന്നെ 'വേട്ടയാടുന്ന' ദൈവത്തിൽനിന്നു് അകലാൻ യേശു പാപചിന്തകളിൽ മുഴുകി; അതിനുവേണ്ടിത്തന്നെ റോമിന്റെ കുരിശുപണിക്കാരനായി. ഏതാണ്ടൊരു അപസ്മാരരോഗിയുടെ പ്രകൃതമാണു് ആദ്യരംഗത്തിലെ യേശുവിൽ നാം കാണുന്നതു്.

'സായുധ കലാപത്തിലൂടെ യഹൂദരുടെ സ്വാതന്ത്ര്യം നേടാൻ ശ്രമിക്കുന്ന 'സഹോദരസംഘ'ത്തിലെ രണ്ടു നേതാക്കളാണു 'നഗരത്തിൽ ഉണ്ടായിരുന്ന കലാപവും കൊലപാതകവും നിമിത്തം കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടവൻ' എന്നും 'കവർച്ചക്കാരൻ' എന്നും സുവിശേഷം വിവരിക്കുന്ന ബറാബാസും, പണത്തിനുവേണ്ടി യേശുവിനെ പുരോഹിതർക്കു്

ഒററിക്കൊടുത്ത യേശുശിഷ്യനായി സുവിശേഷത്തിൽ അവതരിപ്പിക്കപ്പെടുന്ന യൂദാസും എന്നു നാടകകൃത്തു സങ്കല്പിച്ചിരിക്കുന്നു. യൂദാസ് യേശുവിനെ കുരിശുനിർമാണത്തിൽനിന്നു പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നു. യേശുവിനെ കൊല്ലാനുള്ള ഭാരം ഏറ്റെടുക്കുന്നു; ഒടുവിൽ യേശു യഹൂദരുടെ രക്ഷിതാവാകുമെന്നു വിശ്വസിക്കുകയുംചെയ്യുന്നു. മഗ്ദലന എന്ന സ്ഥലത്തു് ഒരു സായുധകലാപത്തിനു നേതൃത്വം നൽകിയ ബറാബാസ് റോമാക്കാരുടെ തടവിലാകുന്നു.

'തൻെറ പ്രണയാഭ്യർത്ഥന യേശു നിരസിച്ചതിനാൽ നിരാശയായ മഗ്ദലനമേരി കുപ്രസിദ്ധയായ ഒരു വേശ്യയായിത്തീരുന്നു. അവൾ വേശ്യാവൃത്തിയിലൂടെ പണം സമ്പാദിച്ചു രഹസ്യമായി ബറാബാസിൻെറ 'സഹോദരസംഘ'ത്തെ സഹായിക്കുന്നു. യേശുവിൻെറ മുമ്പിൽ വേദജ്ഞരും ഫരിസേയരും കൂട്ടിക്കൊണ്ടുവന്ന വ്യഭിചാരിണി ഈ മേരിയാണെന്നു നാടകകൃത്തു സങ്കല്പിച്ചിരിക്കുന്നു. യേശു അവളെ സന്മാർഗത്തിലേക്കു് ആനയിക്കാൻ ഒരു വിഫലപ്രയത്നംചെയ്യുന്നുണ്ടു്; ഒടുവിൽ അവളെ കല്ലേറിൽനിന്നു് അദ്ദേഹം രക്ഷിക്കുകയുംചെയ്യുന്നു.

'യഹൂദർക്കെതിരെ റോമക്കാരെ സഹായിച്ചതിനു സ്വജനങ്ങളാൽ വെറുക്കപ്പെട്ട യേശു ഭ്രാന്തസ്വപ്നങ്ങളിൽനിന്നു മോചനം തേടി മരുഭൂമിയിലെ ഒരു സന്ന്യാസാശ്രമത്തിലെത്തുന്നു. താൻ മരിക്കുംമുമ്പു് ആശ്രമത്തിലെത്തുന്ന അപരിചിതൻ ഇസ്രായേലിൻെറ രക്ഷകനാകുമെന്നു് ആ ആശ്രമത്തിലെ പ്രധാന സന്ന്യാസി പ്രവചിച്ചിരുന്നു. ഇതനുസരിച്ചു് യേശു ആശ്രമാധിപതിയായി വാഴിക്കപ്പെട്ടു. ഇതോടെ യേശുവിൽ ഒരു പരിവർത്തനംവന്നു. രക്ഷകനെപ്പററിയുള്ള പഴയനിയമത്തിലെ പ്രവചനങ്ങൾക്കു് അനുസൃതമായിത്തീർന്നു അദ്ദേഹത്തിൻെറ പിന്നീടുള്ള വാക്കുകളും പ്രവൃത്തികളും. ഒടുവിൽ ദേവാലയത്തിലെ കച്ചവടക്കാരെ പുറത്താക്കിയ കററത്തിനു മഹാപുരോഹിതൻെറ അപേക്ഷപ്രകാരം റോമൻ പട്ടാളം യേശുവിനെ പിടികൂടി; യേശു നിരപരാധിയെന്നു കണ്ടശേഷവും റോമൻ ഗവർണർ ജനങ്ങളുടെ ആഗ്രഹപ്രകാരം അദ്ദേഹത്തെ കുരിശിൽ തറച്ചു.

'യേശു എന്ന മുഖ്യകഥാപാത്രത്തിൻെറ ചിത്രീകരണത്തിൽ നാടകകൃത്തു് സുവിശേഷങ്ങളിൽനിന്നു വളരെയധികം വ്യതിചലിച്ചിട്ടുണ്ടു് എന്നു് ഈ കഥാസംക്ഷേപണത്തിൽനിന്നു സ്പഷ്ടമാവും. ഈ വ്യതിചലനംകൊണ്ടു കൂടുതൽ വിശ്വാസ്യത ആ കഥാപാത്രത്തിനു കൈവന്നതായി എനിക്കു തോന്നുന്നില്ല. ചഞ്ചലചിത്തനും വാശിക്കാരനുമായാണു നാടകത്തിൻെറ ഏതാണ്ടു് അവസാനംവരെ യേശു പ്രത്യക്ഷപ്പെടുന്നതു്. തന്നെ 'വേട്ടയാടുന്ന' ദൈവത്തിൽനിന്നു രക്ഷപ്പെടാൻ യേശു ചെയ്യുന്ന, കുരിശുനിർമാണം അടക്കമുള്ള, പാപകൃത്യങ്ങൾ ഒട്ടും വിശ്വാസ്യങ്ങളായിട്ടില്ല. സീലട്ടിനെ തറച്ച കുരിശു് പട്ടാളക്കാരുടെ നിർബന്ധപ്രകാരം വധഭൂമിയിൽ യേശു ഉറപ്പിക്കുന്ന രംഗം അവിശ്വാസ്യതയിൽ മുന്നിട്ടുനില്ക്കുന്നു. നാട്ടുകാരുടെയും, റോമൻ പട്ടാളക്കാരുടെയും, താൻ പ്രേമിച്ചിരുന്ന മഗ്ദലനമേരിയുടെയും നിന്ദയാണോ അദ്ദേഹത്തിൽ മാനസാന്തരം വരുത്തിയതു്? അതോ, സ്വതവേ ഉള്ള ദൗർബല്യത്താൽ, പ്രവചനങ്ങളിൽ പറയുന്ന രക്ഷകൻ താനാണെന്നു് യേശു വിശ്വസിച്ചതാണോ? അതേതായാലും, 'ലൗകികപ്രലോഭനങ്ങൾക്കു കീഴ്പ്പെട്ടു പോകുന്ന ഒരു വഞ്ചകനായല്ല' യേശുവിനെ ഈ നാടകത്തിൽ ചിത്രീകരിച്ചിട്ടുള്ളതു്; പ്രലോഭനങ്ങളോടു നിരന്തരസമരം നടത്തുന്ന, ആ സമരത്തിൽ സ്വയം തകർന്നു പോകുന്ന ഒരു ദുർബലനായാണു്. അതുപോലെ, എല്ലാ 'ലൗകികപ്രലോഭനങ്ങളെയും അതിജീവിച്ച ഒരു മഹാനായ വ്യക്തി'യെന്ന നിലയിലുമല്ല യേശുവിൻെറ ചിത്രീകരണം.

'മഗ്ദലനമേരി എന്ന കഥാപാത്രത്തിന്റെ ചിത്രീകരണത്തിലും നാടകകൃത്തു സുവിശേഷങ്ങളിൽനിന്നു വളരെയധികം വ്യതിചലിച്ചിട്ടുണ്ട്. ഈ കഥാപാത്രത്തിന്റെ ചിത്രീകരണവും വിശ്വാസ്യമോ തൃപ്തികരമോ ആയിട്ടില്ല.

'നാടകകൃത്തു് കൂടുതൽ ശ്രദ്ധിച്ചിട്ടുള്ളതു് യൂദാസ് എന്ന കഥാപാത്രത്തിന്റെ സൃഷ്ടിയിലാണെന്നു തോന്നുന്നു. റോമാക്കാർക്കെതിരെ പൊരുതാൻ ദൃഢനിശ്ചയംചെയ്ത ഒരു യഹൂദദേശീയവാദിയാണു നാടകത്തിലെ യൂദാസ്. യേശുവിനെ കൊല്ലാമെന്നു സമ്മതിച്ചെങ്കിലും, തന്നെ എതിർക്കാത്ത ഒരാളെ അപായപ്പെടുത്താൻ ധർമ്മബോധം യൂദാസ്സിനെ അനുവദിക്കുന്നില്ല. യേശു യഹൂദരുടെ രക്ഷിതാവായേക്കുമെന്ന പ്രതീക്ഷയോടെ യൂദാസ് യേശുവിനെ അനുഗമിച്ചു; റോമൻ പട്ടാളക്കാരുടെ കൈയിൽനിന്നു് യേശുവിനെ രക്ഷിക്കാൻ പരമാവധി ശ്രമിച്ചു; യേശുവിന്റെ നിർബന്ധത്തിനു കീഴടങ്ങി, അവസാന ചുംബനം അദ്ദേഹത്തിന്റെ കവിളിൽ അർപ്പിക്കുകയുംചെയ്തു. നാടകകൃത്തിന്റെ എല്ലാ അനുഭാവവും യൂദാസ് എന്ന കഥാപാത്രത്തോടാണെന്നു് എനിക്കു തോന്നുന്നു.

'നാടകീയ സംഘർഷങ്ങൾ മുററിനില്ക്കുന്ന ഇതിവൃത്തം, സ്വന്തമായ വ്യക്തിത്വമുള്ള, സാധാരണതയും അസാധാരണതയും ഒത്തിണങ്ങിയ കഥാപാത്രങ്ങൾ, ചടുലമായ സംഭാഷണം, വിശ്വാസ്യമായ രംഗസംവിധാനം, മഹനീയമായ ഒരു സന്ദേശം—അങ്ങനെ ഒരു നാടകത്തെ 'മഹത്ത്' എന്ന വിശേഷണത്തിന്നർഹമാക്കുന്ന ഘടകങ്ങൾ ഈ നാടകത്തിലുള്ളതായി പറഞ്ഞുകൂടാ. അതേസമയം, അതിഭാവുകതകൊണ്ടും പ്രകാശ—ശബ്ദ—സംവിധാനസൂത്രങ്ങൾകൊണ്ടും നാടകത്തിലുടനീളം ഒരുതരം പിരിമുറുക്കം നിലനിർത്താൻ നാടകകൃത്തിനു കഴിഞ്ഞിട്ടുണ്ട്. യൂദാസ് എന്ന കഥാപാത്രത്തിലൂടെ സോഷ്യലിസം, ഭൗതികവാദം തുടങ്ങിയ രാഷ്ട്രീയദാർശനിക—സിദ്ധാന്തങ്ങളുടെ ജനകീയ രൂപങ്ങൾ നാടകകൃത്തു് അവതരിപ്പിച്ചിട്ടുമുണ്ട്. അശ്ലീലം, അനവസര ഹാസ്യം, വൃഥാസ്ഥൂലമായ വാചാടോപം മുതലായ ദോഷങ്ങളിൽനിന്നു് ഈ നാടകം മുക്തമാണ്. അതിനാൽ, ഒരു 'ഉത്തമസാഹിത്യ സൃഷ്ടി' എന്നു പറഞ്ഞുകൂടെങ്കിലും, കാഴ്ചക്കാരിൽ ഭൂരിപക്ഷത്തെയും തൃപ്തിപ്പെടുത്തുന്ന ഒരു ഇടത്തരം നാടകമായി 'ക്രിസ്തുവിന്റെ ആറാം തിരുമുറിവി'നെ കണക്കാക്കാം.

'ഈ നാടകത്തിന്റെ ലിഖിതരൂപത്തിൽ ദൈവദൂഷണം, അപവിത്രീകരണം, ധർമ്മലംഘനം, അപവദനം (സ്കാൻഡൽ) മുതലായ അപഥസഞ്ചരണങ്ങൾ ആരോപിക്കപ്പെടാമോ? മുമ്പു പറഞ്ഞതുപോലെ, ഈ നാടകത്തിലെ യേശുവിന്റെ സങ്കല്പം സുവിശേഷങ്ങളിലെ യേശു സങ്കല്പത്തിൽനിന്നു തുലോം ഭിന്നമാണ്. ബാല്യത്തിൽ മാതാപിതാക്കളുടെയും അമ്മാമന്റെയും പ്രേരണകൾക്കു വഴങ്ങി ദൈവത്തിനു സ്വയം സമർപ്പിച്ചവനും, സാധാരണ മനുഷ്യരെപ്പോലെ വിവാഹംചെയ്തു കുടുംബജീവിതം നയിക്കാനുള്ള ആഗ്രഹത്തിന്റെ ശക്തിമൂലം ഈ ആദർശം നേടാൻ കഴിവററവനും, ദൈവത്തിന്റെ കൈയിൽനിന്നു സ്വയം വിട്ടുപോരാനായി സ്വന്തം ജനങ്ങളുടെ കടുത്ത വിരോധം ആർജിക്കുമാറു് കുരിശുനിർമാണംപോലെയുള്ള പാപകൃത്യങ്ങളിൽ മുഴുകിയവനും, തൽഫലമായി അപസ്മാരബാധയ്ക്കു തുല്യമായ ചിത്തവിഭ്രാന്തികൾ അനുഭവിക്കേണ്ടിവന്നവനും, ഒടുവിൽ, ഒരു സന്ന്യാസിയുടെ പ്രവചനത്തിൽ വിശ്വസിച്ചു തന്നെ യഹൂദജനതയുടെ മോചകനായി കണ്ടവനും, പഴയനിയമത്തിലെ പ്രവചനങ്ങൾക്കു് അനുസൃതമായ ഒരു മരണം സ്വയം വരിച്ചവനുമാണു് ഇതിലെ യേശു. യേശു എന്ന ചരിത്രപുരുഷന്റെ വ്യക്തിത്വത്തെപ്പററി ഇത്തരം ചില സങ്കല്പങ്ങൾ ആവിഷ്കരി

ച്ചാൽ അതു് ദൈവദൂഷണവും അപവിത്രീകരണവും ധർമലംഘനവും അപവാദനവുമാകുമോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ഞാൻ അർഹനല്ല.

'നാടകാവതരണം സംബന്ധിച്ച് മറെറാരു പ്രശ്നം ഉള്ളതായി എനിക്ക തോന്നുന്നു. ഒരു കെട്ടിടത്തിന്റെ ചുവരുകൾക്കകത്തുവെച്ച തങ്ങൾ കാണാൻപോകുന്നതെന്തു് എന്നു നല്ലപോലെ അറിയാവുന്ന, അതു കാണുന്നതിനു പണം നൽകി ടിക്കററ് വാങ്ങിയ, ഒരു ചെറിയ കൂട്ടം ആളുകളുടെ മുമ്പിലാണല്ലോ നാടകം അവതരിപ്പിക്കുന്നതു്. നാടകത്തിന്റെ ഇതിവൃത്തത്തോടോ, പാത്രചിത്രണത്തോടോ എതിർപ്പുള്ളവരെ നാടകം കാണാൻ ആരും നിർബന്ധിക്കുന്നില്ല. ആ നിലയിൽ സാധാരണ മതസങ്കല്പങ്ങൾക്ക് ഇണങ്ങാത്ത രീതിയിൽ ഒരു മത—കഥാപാത്രത്തെ അവതരിപ്പിച്ചു എന്നതുകൊണ്ടു നാടകാവതരണം നിരോധിക്കപ്പെടണമോ?'

'ഈ ചോദ്യത്തിനും എന്റെ കൈയിൽ ഉത്തരമില്ല.'

ഇപ്പോൾ, ഹൈക്കോടതിയുടെ ഡിവിഷൻബഞ്ച് ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകിയിരിക്കുന്നു.

(18 ഡിസംബർ, 1987)

# 58. മറെറാരു ആറാം തിരുമുറിവ്

'ക്രിസ്തുവിന്റെ ആറാം തിരുമുറിവു്' എന്ന നാടകത്തിന്റെ പ്രദർശനം, ഇതെഴുതുമ്പോഴും കേരളത്തിൽ നിരോധിക്കപ്പെട്ടിരിക്കുകയാണ്. ക്രമസമാധാനസംരക്ഷണത്തിനെന്നു പറഞ്ഞു ജില്ലാ കളക്ടർമാർ നടപ്പിൽ വരുത്തിയിട്ടുള്ള ഈ നിരോധം നിയമാനുസൃതമോ അല്ലയോ എന്ന പ്രശ്നം ഹൈക്കോടതിയുടെ പരിഗണനയിലുമിരിക്കുന്നു.

അല്പം വ്യത്യസ്തമായ രൂപത്തിലെങ്കിലും, ഇത്തരമൊരു നാടകപ്രശ്നം പടിഞ്ഞാറെ ജർമനിയിൽ ഉയർന്നുവന്നിട്ടുണ്ടു്.

ജർമനി, മുഖ്യമായും ഒരു പ്രോട്ടസ്റ്റൻറ് രാഷ്ട്രം ആണെന്നായിരുന്നു എന്റെ ധാരണ. ഇതു ശരിയല്ലെന്നു് അറിഞ്ഞതു് ഈയിടെയാണു്. 1985—ൽ പടിഞ്ഞാറെ ജർമനിയിൽ രണ്ടുകോടി അമ്പത്തിമൂന്നു ലക്ഷത്തോളം പൗരർ പ്രോട്ടസ്റ്റൻറുകാർ ആയിരുന്നപ്പോൾ, കത്തോലിക്കരുടെ എണ്ണം രണ്ടുകോടി അറുപത്തിമൂന്നു ലക്ഷത്തോളമായിരുന്നുവത്രേ. കത്തോലിക്കരിൽ നാലിലൊന്നിൽത്താഴെ, ഏകദേശം അറുപത്തെട്ടു ലക്ഷത്തോളം പേർ, മാത്രമേ പള്ളികളിൽ പോകാറുള്ളൂ എന്നതു മറെറാരു കാര്യം. എങ്കിലും പള്ളികളിലെ അംഗത്വം സ്വമേധയാ പിൻവലിക്കുന്ന കത്തോലിക്കർ, പ്രോട്ടസ്റ്റൻറുകാരെ അപേക്ഷിച്ച്, അവിടെ കുറവാണു്. മാമോദീസയ്ക്കും കല്യാണത്തിനും പള്ളിയിൽ പോകാത്തപ്പോഴും കത്തോലിക്കർക്ക് മരണാനന്തരകർമങ്ങൾ പള്ളിയുടെ സഹായത്തോടെ നടത്തണമെന്നുമുണ്ടു്.

പടിഞ്ഞാറെ ജർമനിയിൽ താരതമ്യേന കൂടുതൽ മതഭക്തരുള്ള ഒരു സംസ്ഥാനമാണു് ബവേറിയ. ഈ സ്റ്റേററിലെ കത്തോലിക്കരിൽ 37.6 ശതമാനം കൃത്യമായി പള്ളികളിൽ പോകുന്നവരാണത്രെ.

ക്രിസ്തുവിന്റെ ചരിത്രത്തെ ആധാരമാക്കി, പത്തു വർഷങ്ങൾക്കിടയിൽ ഒരിക്കൽ നടത്തുന്ന മതനാടകത്തിന്റെ (പാഷൻ പ്ലേ) പേരിൽ ലോകപ്രസിദ്ധിനേടിയ ഒരു പട്ടണമാണു് ബവേറിയയിലെ 'ഓബെറ